ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി. ആശുപത്രികളിൽ ജോലി ചെയ്യുവരുന്ന സെക്യൂരിറ്റി ജീവനക്കാർ യൂണിഫോമിനൊപ്പം നെയിംപ്ലേറ്റ് ധരിച്ചാണ് ഡ്യൂട്ടി ചെയ്യുവരുന്നത്. എന്തെങ്കിലും കാരണവശാൽ നെയിംപ്ലേറ്റ് ധരിക്കാതെ വരികയാണെങ്കിൽ അവർ ഐ.ഡി. കാർഡ് ധരിക്കുകയാണ് പതിവ്.

(ബി) സെക്യൂരിറ്റി ജീവനക്കാർക്ക് നെയിംപ്ലേറ്റ് ധരിക്കുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒന്നുംതന്നെയില്ല.

(സി) നെയിംപ്ലേറ്റുകൾ/ഐ.ഡി. കാർഡ് ധരിക്കുന്നുണ്ട്.

താലൂക്ക് ആശുപത്രികളിലെ ലാബ്

52 (744) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആശുപത്രികളിലെ ലാബിന്റെ പ്രവർത്തനസമയം സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഒ.പി. സമയം അവസാനിക്കുന്നതോടെ ലാബുകളുടെയും പ്രവർത്തനം അവസാനിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലാബിന്റെ സേവന സമയം വർദ്ധിപ്പിച്ച് ആയത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താലൂക്ക് ആശുപത്രികളിലെ ലാബിന്റെ പ്രവർത്തനം 1-7-2010-ലെ സ.ഉ. നമ്പർ 422/2010/എച്ച് &എഫ്.ഡബ്ല്യു.ഡി. പ്രകാരം 9.00 am മുതൽ 4.00 pm വരെയാണ്. ഭക്ഷണ സമയം 1.00 pm മുതൽ 2.00 pm വരെയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) താലൂക്കാശുപത്രികളിലെ ലാബിന്റെ പ്രവർത്തനം 9.00 am മുതൽ 4.00pm വരെയാണ്. ഭക്ഷണ സമയം 1.00 pm മുതൽ 2.00 pm വരെയാണ്. ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്ന ലാബ് ചികിത്സ ആവശ്യമുള്ള എല്ലാ രോഗികളെയും ടെസ്റ്റ് നടത്തിയശേഷമാണ് ലാബുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly